## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.556 29.05.2019-ൽ മറുപടിയ്ക്ക്

### ലോട്ടറി ടിക്കറ്റ് വിതരണം

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഇതരസംസ്ഥാന ലോട്ടറികളും വ്യാജ നമ്പർ ലോട്ടറികളും സംസ്ഥാനത്തിനകത്ത് അതിർത്തി ജില്ലകളിൽ വിതരണം ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിനുള്ളിൽ ഇതര സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന ശ്രദ്ധയിൽപെട്ടിട്ടില്ല. വ്യാജ ടിക്കറ്റുകൾ (ലോട്ടറി ടിക്കറ്റുകളിൽ ക്രമക്കേടുകൾ നടത്തി സമ്മാനത്തിനായി ഹാജരാക്കുന്നവ) എഴുത്ത് ലോട്ടറി തുടങ്ങി നിയമ വിരുദ്ധ ടിക്കറ്റുകളുടെ വിൽപ്പന സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, പത്ര മാധ്യമങ്ങളിൽ നിന്നും സോഷ്യൽ മീഡിയയിൽ നിന്നും ലഭിക്കുന്ന വാർത്തകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിക്കാൻ അതാതു ജില്ലാതല ഉദ്യോഗസ്ഥർക്കു നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പോലീസിൽ കേസുകൾ രജിസ്റ്റർ ചെയ്തു നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ബി) | കാസർഗോഡ് ജില്ലയിൽ ജില്ലാലോട്ടറി ഓഫീസിൽ നിന്നും പ്രതിവാരം മൊത്തവിതരണക്കാരായ അന്യജില്ലക്കാർക്ക് ലോട്ടറി ടിക്കറ്റ് നൽകുന്നുണ്ടോ; | (ബി) | ഉണ്ട് |

¥

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ അതാതു ജില്ല കളിൽ തന്നെ ഇവ നൽകാൻ നടപടികൾ സ്വീകരിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ഏജൻസി രജിസ്റ്റർ ചെയ്തിട്ടുള്ള ജില്ല- യിൽ നിന്നും ഒരു ലക്ഷം രൂപയ്ക്ക് മുക- ളിൽ ടിക്കറ്റ് വാങ്ങുന്ന ഏജന്റിന് മറ്റു ജില്ലകളിൽ നിന്നും ടിക്കറ്റുകൾ വാങ്ങാവു- ന്നതാണെന്ന് കേരള പേപ്പർ ലോട്ടറീസ് (റെഗുലേഷൻ) റൂൾസ് 2005 ചട്ടം 7(6) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ